## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1461** — **21.3.2012- ൽ മറുപടിയ്ക്ക്**

### പുര പദ്ധതിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എം. ആരിഫ് | | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) | |
| എ | പട്ടണങ്ങളോടു ചേർന്നു കിടക്കുന്ന പഞ്ചായത്തുകളിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പുര പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കേരളത്തിൽ എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; ഈ പദ്ധതി തയ്യാറാക്കിയതാരാണ്; അംഗീകരിക്കപ്പെട്ട തളിക്കുളം പ്രോജക്ടിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ; | എ | ഗ്രാമപ്രദേശങ്ങളിൽ നഗരപ്രദേശങ്ങളിലെ സൗകര്യമൊരുക്കി ഗ്രാമവും നഗരവും തമ്മിൽ ജീവിതസൗകര്യങ്ങളുടെ കാര്യത്തിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് 'പുര' പദ്ധതിയുടെ ലക്ഷ്യം. പൊതുസ്വകാര്യ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുക. തൃശ്ശൂർ ജില്ലയിൽ തളിക്കുളം ഗ്രാമ പഞ്ചായത്തിലും മലപ്പുറം ജില്ലയിൽ തിരുരങ്ങാടി ഗ്രാമപഞ്ചായത്തിലുമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഗ്രാമ വികസന മന്ത്രാലയം ആണ് ഈ പദ്ധതി തയ്യാറാക്കിയത്. തളിക്കുളം പദ്ധതിയുടെ കോപ്പി. **www.pura.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| ബി | എറണാകുളം മെട്രോ നഗരത്തോടു ചേർന്നു കിടക്കുന്ന അരൂർ മണ്ഡലത്തിലെ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുമോ; | ബി | കേന്ദ്ര സർക്കാർ തെരഞ്ഞെടുക്കുന്ന പ്രൈവറ്റ് പാർട്ട്നർ മുഖേനയാണ് പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ